**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4486** **06-03-2023 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ മണ്ഡലത്തിൽ അനുവദിച്ച സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വണ്ടൂർ നിയോജക മണ്ഡലത്തിലെ കരുവാരക്കുണ്ടിൽ അനുവദിച്ച സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വണ്ടൂർ നിയോജക മണ്ഡലത്തിലെ കരുവാരക്കുണ്ടിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 30.09.2022ൽ നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 945 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കരുവാരക്കുണ്ട് വില്ലേജ് പരിധിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 30 സെന്റ് സ്ഥലവും സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് 20 സെന്റ് സ്ഥലവും വിട്ടുനൽകാൻ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് തയ്യാറാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്ന് വരുന്നു. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (ബി) | വണ്ടൂർ നിയോജക മണ്ഡലത്തിലെ കരുവാരക്കുണ്ടിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 30.09.2022ൽ നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 945 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കരുവാരക്കുണ്ട് വില്ലേജ് പരിധിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 30 സെന്റ് സ്ഥലവും സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് 20 സെന്റ് സ്ഥലവും വിട്ടുനൽകാൻ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് തയ്യാറാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്ന് വരുന്നു. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ